(ബി) തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുവാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കുവാനുള്ള നടപടികൾ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിദഗ്ദ്ധ സമിതിയിൽ ഏതെല്ലാം രംഗത്ത് നിന്നുള്ളവരെയാണ് അംഗങ്ങൾ ആക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) സമിതിയിൽ ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എം. ജി. പി.-യിൽ തൊഴിൽ വകുപ്പിനായി ലക്ഷ്യമിട്ടിട്ടുള്ള സംരംഭങ്ങളിൽ പ്രധാന ഇനമായ തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(സി) വിദഗ്ദ്ധ സമിതിയിൽ ആരെയെല്ലാം ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) സമിതിയിൽ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാനത്തെ തൊഴിലാളിക്ഷേമ പദ്ധതികൾ

36 [467] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ എത്ര തൊഴിലാളി ക്ഷേമ പദ്ധതികളാണ് നിലവിലുള്ളത് എന്നും അവ ഏതെല്ലാം എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ക്ഷേമ പദ്ധതികൾക്കുവേണ്ടി 1996-2001 കാലഘട്ടം വരെ ഓരോ ബഡ്ജറ്റ് വർഷത്തിലും എന്തു തുക വീതം അലോട്ട് ചെയ്തിരുന്നുവെന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ;

(സി) 2001-2002, 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ പദ്ധതിക്കുവേണ്ടിയും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ പന്ത്രണ്ടു ക്ഷേമ ബോർഡുകളും രണ്ട് ക്ഷേമ പദ്ധതികളും ഉണ്ട്. അവ ചുവടെ ചേർക്കുന്നു:

1. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്.
6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
11. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡ്.
12. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.

സ്കീമുകൾ

1. കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം.
2. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## തൊഴിൽ നഷ്ടപ്പെട്ട ഷാപ്പ് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി

37 [468] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ഷാപ്പ് തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly